ഓൺലൈൻ സംവിധാനം വഴി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി കൃത്യവും സമയബന്ധിതവുമായി പെർമിറ്റ് നൽകുന്നതിന് സാധിക്കുന്നുണ്ട്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുൻഗണനാക്രമത്തിൽ പരിശോധിച്ച് ഓൺലൈനായി തന്നെ അംഗീകാരം നൽകുന്നതിനാൽ കാലതാമസം നേരിടുന്നില്ല. കെട്ടിട നിർമ്മാണത്തിന് ശേഷം ഓൺലൈൻ സംവിധാനം വഴി കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകർക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് കാലവിളംബം കൂടാതെ ഓൺലൈനായി തന്നെ ലഭ്യമാകുന്നതാണ്. ഫയൽ സ്റ്റാറ്റസ്, സൈറ്റ് വെരിഫിക്കേഷൻ തീയതി, ഒടുക്കേണ്ട പെർമിറ്റ് ഫീസ് തുടങ്ങിയ വിവരങ്ങൾ അപേക്ഷകർക്ക് അപ്പപ്പോൾ തന്നെ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.

(സി) പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപടികൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിലേയ്ക്കായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-നെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

**ഗ്രാമപ്രദേശങ്ങളിലെ ജലലഭ്യത**

26 (*146) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പ്രദേശങ്ങളിൽ വരുന്ന വേനൽക്കാലത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ചില ജില്ലകളിൽ ലഭിച്ച അധിക മഴ ജലം, വേനൽക്കാല ജല ലഭ്യതയ്ക്ക് മുതൽക്കൂട്ടാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സ്വാഭാവിക ജല സംഭരണ സംവിധാനങ്ങളായ കുളങ്ങൾ, വയലുകൾ, പൊതു കിണറുകൾ, ഉറവകൾ, തോടുകൾ തുടങ്ങിയവ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികളും, നടപ്പാക്കിയ പദ്ധതികളും സംബന്ധിച്ച വിവരം നൽകുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗ്രാമപ്രദേശങ്ങളിൽ വരുന്ന വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള പൊതുകുളങ്ങൾ, പൊതുകിണറുകൾ തുടങ്ങിയവ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. വാഹനങ്ങളിൽ വെള്ളം വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുഖേന വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് തടയണ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോടുകളും കുളങ്ങളും ആഴം കൂട്ടുകയും പൊതുകിണറുകൾ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുഖേന അധിക മഴവെള്ളം ശേഖരിക്കുന്നതിനായി മിക്ക പഞ്ചായത്തുകളും മഴക്കുഴികൾ നിർമ്മിച്ചിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള കുളങ്ങൾ, തോടുകൾ, ഉറവകൾ, പൊതുകിണറുകൾ തുടങ്ങിയവ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുഖേന വൃത്തിയാക്കി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ മഴവെള്ളം ഭൂമിക്കടിയിൽ താഴ്ന്നിറങ്ങാൻ വരമ്പുകൾ (ബണ്ടുകൾ) നിർമ്മിക്കുകയും തോടുകൾ, കുളങ്ങൾ എന്നിവ ആഴം കൂട്ടുകയും ചെയ്തിട്ടുണ്ട്. ചില ഗ്രാമപഞ്ചായത്തുകളിൽ തടയണകൾ നിർമ്മിച്ചിട്ടുണ്ട്. സ്വാഭാവിക ജലസംഭരണ സംവിധാനങ്ങളായ കുളങ്ങൾ, വയലുകൾ, പൊതുകിണറുകൾ എന്നിവ നിലനിർത്തുന്നതിനായി സമയബന്ധിതമായി അവയുടെ അറ്റകുറ്റപണികൾ നടത്തുന്നുണ്ട്.

**മാലിന്യ നിർമ്മാർജ്ജന പദ്ധതി**

27 (*147) ശ്രീ. ബാബു എം. പാലിശ്ശേരി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രഖ്യാപിച്ച മാലിന്യ നിർമ്മാർജ്ജന പദ്ധതികളിൽ നാളിതുവരെ നടപ്പാക്കാൻ സാധിക്കാത്തവ ഏതെല്ലാമെന്നറിയിക്കാമോ ; പിൻവലിച്ചിട്ടില്ലാത്ത ബജറ്റ് വിഹിതങ്ങൾ എത്ര വീതം ;

(ബി) മാലിന്യ നിർമ്മാർജ്ജന യജ്ഞം പരാജയമാകാനിടയായിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ അറിയിക്കുമോ; സർക്കാർ പ്രഖ്യാപിച്ച ഏതൊക്കെ വൻകിട പദ്ധതികൾ പൂർണ്ണ പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly